"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ല - നാദാപുരം ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. മുഹമ്മദ് ഷെഫീക്ക് കെ.പി യ്ക്കെതിരായ അച്ചടക്ക നടപടി - അപ്പീൽ അപേക്ഷ നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1268/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/07/2021

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 16/10/2019 തീയതിയിലെ ഡി1-6863/2017 നമ്പർ ഉത്തരവ്.

2 ശ്രീ.കെ.പി മുഹമ്മദ് ഷഫീക്ക് 22/11/2019 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 18.01.2020 ലെ PAN/14016/2019-D1(DP) നമ്പർ കത്ത്

4 കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 05/03/2021 ലെ ഒ.എ-157/2020 മേലുള്ള വിധി ന്യായം

കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീ.മുഹമ്മദ് ഷെഫീക്ക് നിരവധി കെട്ടിടങ്ങൾക്ക് അനധികൃതമായി പെർമിറ്റ് നൽകുകയും അപ്രകാരം അധികാര ദുർവ്വിനിയോഗം നടത്തുകയും ചെയ്തു എന്നാരോപിച്ച് ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തിയതിൽ ശ്രീ.മുഹമ്മദ് ഷെഫീക്ക് സേവനകാലയളവിലുടനീളം നിരവധിയായ അച്ചടക്കനടപടികൾക്ക് വിധേയനാവുകയും സസ്പെൻഷനുകളും വിജിലൻസ് കേസുകളും നിരവധി ഉണ്ടായിരുന്നിട്ടും ചട്ടപ്രകാരവും നിയമാനുസൃതവുമായി ജോലി ചെയ്യാൻ തയ്യാറാകാതെ കൂടുതൽ ഗുരുതരമായ ചട്ടലംഘനങ്ങളും അധികാരദുർവിനിയോഗവും തുടർന്നുകൊണ്ടിരുന്നതിനാൽ ടിയാനെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾ അന്വേഷണത്തിൽ അസന്നിഗ്ദ്ധമായി തെളിയിക്കപ്പെട്ടത് പരിഗണിച്ച് ശ്രീ.മുഹമ്മദ് ഷെഫീക്കിന് "സർവ്വീസിൽ നിന്നും നിർബന്ധിത വിരമിക്കൽ നൽകി" അച്ചടക്കനടപടി അവസാനിപ്പിച്ചുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം ഉത്തരവാകുകയുണ്ടായി. പ്രസ്തുത ഉത്തരവിനെതിരെയാണ് ശ്രീ.കെ.പി.മുഹമ്മദ് ഷെഫീക്ക് പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന ശ്രീ.കെ.പി.മുഹമ്മദ്

ഷെഫീക്ക്, ഗ്രാമപഞ്ചായത്തിലെ നിരവധി കെട്ടിടങ്ങൾക്ക് അനധികൃതമായി പെർമിറ്റ് നൽകുകയും, അധികാരദുർവിനിയോഗം നടത്തുകയും ചെയ്യുവെന്നാരോപിച്ച് " ഫോർ ദി പീപ്പിൾ " പരാതി പരിഹാര സംവിധാനം വഴി സർക്കാരിൽ ലഭിച്ച പരാതിയിന്മേൽ കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ എ 2-399/16, എ 2-6264/16, എ 2-5869/16, എ 2-5665/16 എന്നീ നമ്പറുകൾ പ്രകാരം നൽകിയ കെട്ടിട നിർമ്മാണ അനുമതികൾ ചട്ടപ്രകാരമല്ലെന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ ഗുരുതരമായ അധികാര ദുർവിനിയോഗവും ചട്ടലംഘനവും നടത്തിയ നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.മുഹമ്മദ് ഷെഫീക്ക് കെ.പി.യെ അന്വേഷണ വിധേമായി സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്ത് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് ശ്രീ.മുഹമ്മദ് ഷെഫീക്കിനെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദേശിച്ചതനുസരിച്ച് പഞ്ചായത്ത് ഡയറക്ടർ വിശദമായ അന്വേഷണം നടത്തുകയുണ്ടായി. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ഫോർ ദി പീപ്പിൾ പരാതി പരിഹാര പോർട്ടലിൽ സമർപ്പിച്ച പരാതിയിൽ പരാമർശിക്കപ്പെട്ട 6- ൽ 5 ഫയലിലും സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ടുകളും, അസിസ്റ്റന്റ് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും കുറിപ്പുകളും അവഗണിച്ച് സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവുകൾ ടിയാന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ ചട്ടലംഘനവും, അധികാരദുർവിനിയോഗവുമാണെന്ന് വെളിവായതിനെ തുടർന്ന് കുറ്റാരോപണ മെമ്മോ നൽകി ശ്രീ.മുഹമ്മദ് ഷെഫീക്കിനെതിരെ അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

തുടർന്ന് ശ്രീ.മുഹമ്മദ് ഷെഫീക്ക് കെ.പി. സർക്കാരിൽ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി ചട്ടപ്രകാരമുള്ള നടപടി ക്രമങ്ങളുടെ അടിസ്ഥാനത്തിൽ തുടരുന്നതാണെന്ന വ്യവസ്ഥയിൽ ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവായി. ശ്രീ.മുഹമ്മദ് ഷെഫീക്ക് സമർപ്പിച്ച എതിർവാദ പത്രികയിന്മേൽ കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായ റിപ്പോർട്ടിൽ ശ്രീ. മുഹമ്മദ് ഷെഫീക്കിന് നൽകിയ കുറ്റാരോപണ മെമ്മോയിൽ ആരോപിച്ചിട്ടുള്ള ആരോപണങ്ങൾ എല്ലാം പൂർണ്ണമായും നിലനിൽക്കുന്നതും ടിയാന്റെ എതിർവാദ പത്രികയിലെ വാദങ്ങൾ അടിസ്ഥാന രഹിതവും, വാസ്തവ വിരുദ്ധവും നിലനിൽക്കാത്തതുമാണെന്ന് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസസ് ( തരംതിരിക്കലും നിയന്ത്രണവും അപ്പീലും ) ചട്ടം 15 പ്രകാരമുള്ള നടപടിക്രമം അനുസരിച്ച് ടി വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന കോഴിക്കോട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് ലഭ്യമായ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ടി വിഷയത്തിൽ സെക്രട്ടറിയുടെ നടപടി ന്യായികരിക്കാനാവില്ലെന്നു റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീ. മുഹമ്മദ് ഷെഫീക്ക് കെ.പി.യ്ക്ക് എതിരെ ടിയാന്റെ നാളിതുവരെയുള്ള പഞ്ചായത്ത് വകുപ്പിലെ സേവനകാലയളവിൽ 4 കഠിന ശിക്ഷകളും 5 ലഘു ശിക്ഷകളും ഉൾപ്പെടെ 9 തീർപ്പാക്കിയ അച്ചടക്ക നടപടികളും 3 സസ്പെൻഷനുകളും കൂടാതെ നിലവിൽ അന്വേഷണത്തിൽ ഇരിക്കുന്ന ഒരു വിജിലൻസ് കേസും, 1960- ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള കഠിന ശിക്ഷക്കുള്ള കുറ്റാരോപണ മെമ്മോ നൽകി ആരംഭിച്ചിട്ടുള്ള 3 അച്ചടക്ക നടപടികളും നിലവിലുള്ളതായി കണ്ടെത്തുകയും, ടിയാന്റെ തുടർച്ചയായുള്ള ചട്ടലംഘനങ്ങളും ക്രമക്കേടുകളും അധികാര ദുർവിനിയോഗങ്ങളും അച്ചടക്ക ലംഘനങ്ങളും പഞ്ചായത്ത് വകുപ്പിനും വകുപ്പിലെ ജീവനക്കാർക്കും സമൂഹമധ്യത്തിൽ ദുഷ്പേരും, മാനഹാനിയും ഉളവാകുന്നതാണെന്ന് വിലയിരുത്തുകയും ഇത്രയേറെ

അച്ചടക്ക നടപടികൾ നേരിട്ടിട്ടും നിയമാനുസൃതം ജോലി ചെയ്യുന്നതിന് തയ്യാറാകാതെ പഞ്ചായത്ത് വകുപ്പിന് ആകെ അപമാനകരമാകും വിധം കൂടുതൽ ഗുരുതരമായ ചട്ടലംഘനങ്ങളും ക്രമക്കേടുകളും അധികാര ദുർവിനിയോഗവും അച്ചടക്ക ലംഘനവും ആവർത്തിച്ചുകൊണ്ടിരുന്ന സാഹചര്യത്തിൽ നാദാപുരം ഗ്രാമപഞ്ചായത്തിലെ ചട്ടലംഘനം, അധികാരദുർവിനിയോഗം എന്നിവ മുൻനിർത്തി ആരംഭിച്ച അച്ചടക്ക നടപടിയിൽ ശ്രീ.മുഹമ്മദ് ഷെഫീക്ക് കെ.പി.യെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താത്കാലികമായി തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് ഔപചാരിക അന്വേഷണ റിപ്പോർട്ട് സഹിതം നൽകിയിരുന്നതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൂടാതെ അച്ചടക്ക നടപടിയുടെ ഭാഗമായി ശ്രീ.മുഹമ്മദ് ഷെഫീക്കിന് നേരിൽ കാര്യങ്ങൾ ബോധിപ്പിക്കുന്നതിന് സമയം അനുവദിച്ചുകൊണ്ട് നോട്ടീസ് നൽകുകയും പ്രസ്തുത ഹിയറിംഗിൽ ഹാജരായി ശ്രീ.മുഹമ്മദ് ഷെഫീക്ക് എഴുതി തയ്യാറാക്കി സമർപ്പിച്ച മൊഴിയിൽ കാരണം കാണിക്കൽ നോട്ടീസിന് വ്യക്തമായ മറുപടി സമർപ്പിച്ചിട്ടുണ്ടെന്നും, മാനുഷിക പരിഗണനയും സദുദ്ദേശവും ഉദ്ദേശിച്ച് ചെയ്ത പ്രവർത്തനമാണെന്നും, കെട്ടിട നിർമ്മാണം സംബന്ധിച്ച എല്ലാ ഫയലിലും സെക്രട്ടറിയുടെ തീരുമാനം അന്തിമമാണെന്നും കീഴുദ്യോഗസ്ഥർക്കും, ഭരണസമിതിയിലെ ചിലർക്കും താൻ സെക്രട്ടറിയായി തുടരുന്നത് ഇഷ്ടമുള്ള കാര്യമല്ലെന്നും, എ 2-4461/16 നമ്പർ ഫയൽ സാങ്കേതിക വിഭാഗത്തിൽ അന്വേഷണത്തിന് നൽകി ഒരു മാസമായിട്ടും അന്വേഷണ റിപ്പോർട്ട് ലഭിക്കാതെ വന്നപ്പോൾ താൻ നേരിട്ട് പരിശോധന നടത്തി ഒക്യുപെൻസി സർട്ടിഫിക്കറ്റ് നല്കിയതാണെന്നും, തന്റെ കീഴുദ്യോഗസ്ഥർ ചൂണ്ടിക്കാട്ടുന്ന കാര്യങ്ങൾ മാത്രം ചെയ്യുന്ന ഉദ്യോഗസ്ഥനല്ല സെക്രട്ടറി എന്നിരിക്കെ മാനുഷിക പരിഗണനയും, സദുദ്ദേശവും കൊണ്ട് മാത്രമാണ് ഫയലിൽ നടപടി സ്വീകരിച്ചതെന്നും, മറ്റ് വല്ല അപാകതകളുമുണ്ടെങ്കിൽ കേരള പഞ്ചായത്ത് രാജ് ആക്ട് ലെ 250 സെക്ഷനിലെ പരിരക്ഷ കൂടി അനുവദിച്ചുകൊണ്ട് നടപടി സ്വീകരിക്കണമെന്ന വിചിത്രമായ വാദമാണ് ഉന്നയിച്ചിരിക്കുന്നത്.

നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.മുഹമ്മദ് ഷെഫീക്ക് കെ.പി യുടെ സേവനകാലയളവിൽ ഉടനീളം നിരവധിയായ അച്ചടക്ക നടപടികൾക്കും സസ്പെൻഷനുകൾക്കും വിജിലൻസ് കേസുകൾക്കും വിധേയനായിട്ടും നിയമാനുസൃതമായി ജോലി ചെയ്യാതിരിക്കുകയും ചട്ടലംഘനങ്ങളും അധികാരദുർവിനിയോഗവും അച്ചടക്ക ലംഘനങ്ങളും തുടർന്നുകൊണ്ടിരിക്കുന്നതിനാലും കുറ്റാരോപണ മെമ്മോയിൽ ആരോപിച്ചിരിക്കുന്ന കുറ്റങ്ങൾ അസന്നിഗ്ദ്ധമായി തെളിയിക്കപ്പെട്ടതിനാലും ശ്രീ.മുഹമ്മദ് ഷെഫീക്കിന് നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ നിശ്ചയിച്ചിരുന്ന " ടിയാനെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നുവെന്ന " താത്കാലിക ശിക്ഷ മാനുഷിക പരിഗണന മാത്രം നൽകി ഇളവ് ചെയ്തു കൊണ്ട് ശ്രീ. മുഹമ്മദ് ഷെഫീക്ക് കെ.പി ക്ക് ഉത്തരവ് തീയതി പ്രാബല്യത്തിൽ "നിർബന്ധിത വിരമിക്കൽ" നൽകി അച്ചടക്കനടപടി അവസാനിപ്പിച്ചുകൊണ്ട് ഉത്തരവായിരുന്നു എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിനെതിരെയാണ് ശ്രീ.മുഹമ്മദ് ഷെഫീക്ക് കെ.പി സർക്കാരിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്

അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിന്റെ ഭാഗമായി ശ്രീ.മുഹമ്മദ് ഷെഫീക്കിനെ തദ്ദേശ സ്വയം

ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി . ഹിയറിംഗ് വേളയിൽ പഞ്ചായത്തിന്റെ വളരെ പരിമിതമായ ഫണ്ട് ഉയർത്തുന്നതിനായിട്ടാണ് തന്റെ പ്രവർത്തി ഉതകിയിട്ടുള്ളത് എന്നും അനധികൃതമായി/ചട്ടവിരുദ്ധമായി അനുമതി നൽകിയതായി ആരോപിച്ചിട്ടുള്ള ഒരു കെട്ടിടവും പൊളിച്ചുമാറ്റിയിട്ടില്ലെന്നും സദുദ്ദേശത്തോടെ ചെയ്ത പ്രവർത്തി മാപ്പാക്കി, കേരള പഞ്ചായത്ത് രാജ് ആക്ടിലെ 250 ലെ പരിരക്ഷ കൂടി അനുവദിച്ചുകൊണ്ട് പഞ്ചായത്ത് ഡയറക്ടറുടെ അപ്പീലിന് ആധാരമായ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് ടിയാനെ സേവനത്തിൽ പുനഃപ്രവേശിപ്പിക്കണമെന്ന് അപേക്ഷിച്ചു.

ശ്രീ. മുഹമ്മദ് ഷെഫീക്ക് സമർപ്പിച്ച വാദങ്ങളിൽ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ചുവടെ കുറിക്കുന്ന വസ്തുതകൾ കണ്ടെത്താവുന്നതാണ്.

i) കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1994 ൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയുടെ നിയമനാധികാരിയും ശിക്ഷണാധികാരിയും പഞ്ചായത്ത് ഡയറക്ടർ ആണ് . സർക്കാർ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എല്ലാം അനുവർത്തിച്ചുകൊണ്ടാണ് പ്രസ്തുത അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളത്.ആയത് തികച്ചും നിയമപരമാണ്.

ii) പഞ്ചായത്ത് വകുപ്പിൽ 17.11.2010 വരെ സ്പെഷ്യൽ ഗ്രേഡ് തസ്തികയുടെ പ്രൊമോഷൻ തസ്തികയായിരുന്നു സീനിയർ സൂപ്രണ്ട് / പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് സൂപ്രണ്ട് തസ്തിക . എന്നാൽ സർക്കാരിന്റെ 18.11.2010 ലെ ജി.ഒ(എം.എസ്) 265/2010/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിൽ പ്രസ്തുത തസ്തികയുടെ പ്രൊമോഷൻ തസ്തികയായ സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് സൂപ്രണ്ട് തസ്തികകൾ സംയോജിപ്പിച്ച് ഒരു തസ്തിക ആക്കുകയും പ്രസ്തുത തസ്തികയെ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി / സീനിയർ സൂപ്രണ്ട് / പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് സൂപ്രണ്ട് എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തിരുന്നു. പിന്നീട് സർക്കാരിന്റെ 26.02.2011 ലെ ജി.ഒ(പി) നമ്പർ 85/2011/ ധന നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് തസ്തിക സംയോജിപ്പിച്ചതിനെ തുടർന്ന് മേല്പറഞ്ഞ തസ്തികകളുടെ പേര് ഗ്രാമപഞ്ചായത്ത് സെക്രട്ടറി/ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ/സീനിയർ സൂപ്രണ്ട് എന്ന് പുനർ നാമകരണം ചെയ്യുകയും ചെയ്തിരുന്നു. ഇത് പ്രകാരം പരസ്പരം മാറാവുന്ന സമാന ശമ്പള സ്കെയിലിലുള്ള മേൽപ്പറഞ്ഞ തസ്തികകളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തിക ഗ്രാമപഞ്ചായത്ത് ഓഫീസിലും പെർഫോമൻസ് ഓഡിറ്റ് സൂപ്പർ വൈസർ തസ്തിക പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിലും സീനിയർ സൂപ്രണ്ട് തസ്തിക പഞ്ചായത്ത് ഡയറക്ടറേറ്റ്, ഡി.ഡി.പി ഓഫീസ്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ ആണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്റെ നിയമനാധികാരിയും ശിക്ഷണാധികാരിയും പഞ്ചായത്ത് ഡയറക്ടർ ആണ്.

iii) നിലവിൽ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1994 ൽ ഉൾപ്പെടുന്ന തസ്തികയാണ് പഞ്ചായത്ത് സെക്രട്ടറി. ടി തസ്തികയുടെ നിയമനാധികാരിയും ശിക്ഷണാധികാരിയും പഞ്ചായത്ത് ഡയറക്ടർ ആണ്. ആയതിനാൽ ഗ്രാമപഞ്ചായത്ത് തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥനായ ശ്രീ.മുഹമ്മദ് ഷെഫീക്കിനെതിരെ പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി തീർപ്പ് കൽപ്പിച്ച് പുറപ്പെടുവിച്ച ഉത്തരവ് നിലനിൽക്കതക്കതാണ്. 1960- ലെ KCS(CC&A) റൂൾ 11 പ്രകാരം നിർബന്ധിത വിരമിക്കൽ അച്ചടക്കധികാരിക്ക് ചുമത്താവുന്നതാണ്.

iv) ശ്രീ.മുഹമ്മദ് ഷെഫീക്ക് 21.06.1984 ൽ എൽ.ഡി ക്ലാർക്ക് ആയി സർവ്വീസിൽ പ്രവേശിക്കുകയും അന്ന് നിലനിന്ന ചട്ടങ്ങൾ പ്രകാരം എൽ.ഡി ക്ലാർക്കിൽ നിന്നും രണ്ടാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും 08.12.1998 ൽ ജൂനിയർ സൂപ്രണ്ട് ആയും 02.01.2006 ൽ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി ആയും സ്ഥാനക്കയറ്റം ലഭിച്ചതുമാണ്. 01.01.1990 തീയതി പ്രാബല്യത്തിൽ കേരള പഞ്ചായത്ത് സബോർഡിനേറ്റ് ചട്ടങ്ങൾ നടപ്പിൽ വരുത്തിയതുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങൾ നിലനിന്നിരുന്നതിനാൽ മേൽപ്പറഞ്ഞ സ്ഥാനക്കയറ്റങ്ങൾ എല്ലാം തന്നെ താല്ക്കാലികമായിട്ടാണ് അനുവദിച്ചിരുന്നത്. പിന്നീട് ബഹു.സുപ്രീം കോടതിയുടെ 02.08.2018 ലെ ലെ സിവിൽ അപ്പീൽ ന.5203/2016 , 5204 -5205/2016 , 6055/16 , 6056/16 ,6057/16 ,6059/16 8460/16 എന്നിവയിലെ അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ താത്കാലിക പ്രൊമോഷനുകളെല്ലാം കേരള പഞ്ചായത്ത് സബോർഡിനേറ്റ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പുനരവലോവനം ചെയ്യുകയും ശ്രീ.മുഹമ്മദ് ഷെഫീക്കിന് ലഭിച്ച എല്ലാ സ്ഥാനക്കയറ്റങ്ങളും മുൻകാല പ്രാബല്യത്തിൽ പുനരവലോവനം ചെയ്ത് പ്രാബല്യ തീയതി പുനഃക്രമീകരിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ പ്രൊമോഷൻ തീയതി 30.11.2011 ആയി പുനർ നിശ്ചയിച്ചിട്ടുള്ളതുമാണ്.

v) കോഴിക്കോട് ജില്ലയിലെ നാദാപുരം പഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ച കൊണ്ടിരുന്ന ശ്രീ.മുഹമ്മദ് ഷെഫീക്ക് കെ.പി. ഗ്രാമപ്പഞ്ചായത്തിലെ നിരവധി കെട്ടിടങ്ങൾക്ക് അനധികൃതമായി പെർമിറ്റ് നൽകുകയും അധികാര ദുർവിനിയോഗം നടത്തുകയും ചെയ്തുവെന്നാരോപിച്ച് " ഫോർ ദി പീപ്പിൾ " പരാതി പരിഹാര സംവിധാനം വഴി സർക്കാരിൽ ലഭിച്ച പരാതിയിന്മേൽ കോഴിക്കോട് ഡി.ഡി.പി ലഭ്യമാക്കിയ റിപ്പോർട്ടിൽ എ 2- 399/16, എ 2- 6264/16, എ 2-5869/16, എ 2-5665/16 എന്നീ നമ്പറുകൾ പ്രകാരം നൽകിയ കെട്ടിട നിർമ്മാണ അനുമതികൾ ചട്ടപ്രകാരമല്ലെന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ ഗുരുതരമായ അധികാര ദുർവിനിയോഗവും ചട്ട ലംഘനവും നടത്തിയ നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.മുഹമ്മദ് ഷെഫീക്ക് കെ.പി. യെ അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്ത് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് ശ്രീ.മുഹമ്മദ് ഷെഫീക്കിനെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് സർക്കാർ നിർദേശം നൽകിയിരുന്നു. ടി വിഷയത്തിൽ വിശദമായ അന്വേഷണം

നടത്തി കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ എ 2-3997/16 നമ്പർ ഫയലിൽ നാദാപുരം ഗ്രാമപഞ്ചായത്തിലെ 10/941 -10/951 നമ്പർ കെട്ടിടങ്ങളുടെ ആൾട്ടറേഷനായി അബുബക്കർ ഹാജി മുതൽ പേർ സമർപ്പിച്ച അപേക്ഷയിൽ സെക്ഷൻ ക്ലർക്ക് സ്ഥലം നഞ്ചയാണെന്നും അപേക്ഷകർ രേഖപ്രകാരമുള്ള ഉടമകൾ അല്ലെന്നും നോട്ട് സമർപ്പിച്ചെങ്കിലും കെട്ടിടം അപകടാവസ്ഥയിലാണെന്ന പത്രവാർത്തയുള്ളതിനാൽ കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ മാറ്റം വരുത്താതെ മേൽക്കൂര മാറ്റുന്നതിന് അനുവാദം നൽകുന്നതിന് സെക്രട്ടറി നിർദ്ദേശിച്ച് ഫയൽ എൻജിനീയറിങ് വിഭാഗത്തിന് കൈമാറുകയും അവർ കെ.പി.ബി.ആർ 27, 35, 38 ചട്ടങ്ങളുടെ ലംഘനം ചൂണ്ടിക്കാണിച്ച് കുറിപ്പ് എഴുതിയതിനെ തുടർന്ന് ഫയൽ നിരസിക്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറി ഫയലിൽ കുറിപ്പ് എഴുതിയിട്ടും കെട്ടിടം 1990 ന് മുൻപ് നിർമ്മിച്ചതാണെന്നും ആയതിനാൽ തറവിസ്തീർണം വർദ്ധിപ്പിക്കാതെയും കൂട്ടിച്ചേർക്കലുകൾ ഇല്ലാതെയും കെട്ടിടം ബലപ്പെടുത്തുന്നതിന് അനുമതി നൽകുന്നതിന് നിർദ്ദേശിക്കുകയാണ് സെക്രട്ടറി എന്ന നിലയിൽ ശ്രീ.മുഹമ്മദ് ഷെഫീക്ക് ചെയ്തതെന്നും, നിയമ ലംഘനങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള എൻജിനീയറിങ് വിഭാഗത്തിന്റെ റിപ്പോർട്ടും അസിസ്റ്റന്റ് സെക്രട്ടറിയുടെ കുറിപ്പും മറികടന്ന് കെട്ടിടം പുതുക്കി പണിയാൻ അനുമതി കൊടുത്തുകൊണ്ടുള്ള സെക്രട്ടറിയുടെ ഉത്തരവ് ഏത് ചട്ടപ്രകാരമാണെന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ലായെന്നും ഇത് ഉപാധികളോടെ കെട്ടിടങ്ങളുടെ വിപുലീകരണമോ കൂട്ടിച്ചേർക്കലോ, മേൽക്കൂരയുടെ പരിവർത്തനമോ അനുവദിക്കുന്ന 2011 ലെ കെ.പി.ബി.ആർ ചട്ടം 97 എ,ബി, സി എന്നിവയുടെ പരിധിയിൽ വരുന്നതല്ലെന്നും ഗുരുതരമായ അധികാര ദുർവിനിയോഗമാണ് സെക്രട്ടറി നടത്തിയിട്ടുള്ളത് എന്ന് റിപ്പോർട്ട് ചെയ്തരുന്നതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

vi). നാദാപുരം ഗ്രാമപഞ്ചായത്തിലെ മുഹമ്മദ് ഒറ്റപ്പിലാവുള്ളതിൽ എന്നവരുടെ 13.94 ആർ വിസ്തീർണമുള്ള ഭൂമിയിൽ 2940 ച.മീ വിസ്തീർണത്തിൽ 3 നിലകളുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണ അനുമതിക്കായുള്ള എ 2-6264/16 നമ്പർ ഫയൽ പരിശോധിച്ച സാങ്കേതിക വിഭാഗം സൈറ്റ് പ്ലാനിൽ വടക്കുകിഴക്ക് ഭാഗത്ത് ആണിച്ചാലും, പ്ലോട്ടിലെ കിണറും കാണിക്കാത്ത അപാകത പരിഹരിക്കണമെന്ന് നിർദേശിച്ചെങ്കിലും ആയത് പരിഹരിക്കാതെയും, നിയമലംഘനം ചൂണ്ടിക്കാണിച്ച അസിസ്റ്റന്റ് സെക്രട്ടറിയുടെ കുറിപ്പ് വകവെക്കാതെയും ഫയൽ എൻ.ഒ.സി മുൻ കൂർ വാങ്ങാതെയും എൻജിനീയറിങ് വിഭാഗത്തിന്റെ ശുപാർശ കൂടാതെയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അനുമതി നൽകുകയാണ് ചെയ്തിട്ടുള്ളത് എന്ന് റിപ്പോർട്ട് ചെയ്തിരുന്നതായും , നാദാപുരം ഗ്രാമപഞ്ചായത്തിലെ 4.2 ആർ സ്ഥലത്ത് 233.17 ച. മീ വിസ്തീർണത്തിൽ 2 നില വാസഗൃഹം നിർമ്മിക്കുന്നതിന് അനുമതിയ്ക്കായുള്ള പ്രമോദ് നെല്ലോളി എന്നവരുടെ എ 2-5869/16 അപേക്ഷയോടൊപ്പമുള്ള കൈവശാവകാശ സർട്ടിഫിക്കറ്റിൽ സ്ഥലത്തിന്റെ തരം നഞ്ചയാണെന്ന് കാണിച്ചിരുന്നിട്ടും ജില്ലാ കളക്ടറുടെ അനുമതിയോ ക്രമവത്കരിച്ച ഉത്തരവോ ലഭ്യമാകാതെ സെക്രട്ടറി അനുമതി നൽകിയതായി കാണുന്നുവെന്നും പെർമിറ്റിൽ നമ്പർ എ 2-5969/16 എന്ന് തെറ്റായി ചേർത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിരുന്നതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

vii) നാദാപുരം ഗ്രാമപഞ്ചായത്തിലെ 3.35 ആർ സ്ഥലത്ത് 196 ച.മീ വിസ്തീർണത്തിൽ 2 നില

വാസഗൃഹം നിർമ്മിക്കുന്നതിന് ശ്രീ.മുഹമ്മദ് ഇല്യാസ് എന്നവർ നൽകിയ എ2-5891/16 നമ്പർ കെട്ടിട നിർമ്മാണ അനുമതി അപേക്ഷയിൽ ക്രമപ്രകാരം സാങ്കേതിക വിഭാഗത്തിന്റെ ശുപാർശ പ്രകാരം സെക്രട്ടറി അനുമതി നൽകിയതിൽ അപാകതയില്ല എന്നും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

viii) നാദാപുരം ഗ്രാമപഞ്ചായത്തിലെ 11.53 ആർ സ്ഥലത്ത് 2107.62 ച.മീ വിസ്തീർണത്തിൽ ടെറസ് ഫ്ലോർ ഉൾപ്പെടെ 4 നില വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് അന്ത്രു ഹാജി മുതൽ പേർ നൽകിയ എ 2- 5665/16 നമ്പർ അപേക്ഷയിൽ പരിശോധന നടത്തിയ സാങ്കേതിക വിഭാഗം മഴവെള്ള സംഭരണശേഷി ആവശ്യത്തിന് ഇല്ലാ എന്നും വഴി സംബന്ധിച്ച് പ്രതികൂല കുറിപ്പുകൾ രേഖപെടുത്തിയിട്ടുള്ളതിനാലും അനുമതി നൽകരുതെന്ന് അസിസ്റ്റന്റ് സെക്രട്ടറി ഫയലിൽ കുറിപ്പ് രേഖപെടുത്തിയിരുന്നുവെന്നും വില്ലേജ് ഓഫീസറുടെ കൈവശ രേഖ പ്രകാരം 5 പേർ ഉടമകളായിട്ടുണ്ടെങ്കിലും 2 പേർ മാത്രമാണ് പെർമിറ്റ് അപേക്ഷയിൽ ഒപ്പുവെച്ചിട്ടുള്ളതെന്നും ഇത് 2011 ലെ കെ.പി.ബി.ആർ ചട്ടം 6 (4) ന്റെ ലംഘനമാണെന്നും ആധാരപ്രകാരം തെക്ക് വശത്ത് നടവഴി മാത്രമാണ് ഉള്ളതെന്നും എന്നാൽ സൈറ്റ് പ്ലാൻ പ്രകാരം പടിഞ്ഞാറു ഭാഗത്തുകൂടി പോകുന്നതായി കാണിച്ച വഴിയുടെ ഉടമസ്ഥത സംബന്ധിച്ച യാതൊരു വ്യക്തതയും ഇല്ലെന്നും 2011 ലെ കെ.പി.ബി. ആർ ചട്ടം 37 (1) പട്ടിക 3-2 പ്രകാരം 1500 എം 2 ന് മുകളിലുള്ള കെട്ടിടത്തിന് 5 മീറ്റർ വീതിയുള്ള പ്രവേശന മാർഗ്ഗം ആവശ്യമാണെന്നും സൈറ്റ് പ്ലാനിൽ പടിഞ്ഞാറുഭാഗത്ത് മീറ്റർ വഴി കാണിച്ചത് തെറ്റിദ്ധാരണാജനകമാണെന്നും അസി.എൻജിനീയരുടെ റിപ്പോർട്ടിൽ മറ്റു കെട്ടിടങ്ങളുടെ പാർക്കിംഗ് ഏരിയയിൽ കൂടിയുള്ള വഴിയാണെന്നും രണ്ടാമത്തെ വഴിക്ക് ചട്ടപ്രകാരമുള്ള വീതിയില്ലെന്നും പറഞ്ഞിരുന്നുവെന്നും ഈ റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ അസി.എൻജിനീയറുടെ റിപ്പോർട്ടിൽ ഇല്ലെന്നും 2000 എം 2 മുകളിലുള്ള കെട്ടിടങ്ങൾക്ക് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ.ഒ.സി നിർബന്ധമാണെങ്കിലും ആയത് നിഷ്കർഷിച്ചിട്ടില്ലെന്നും പ്ലോട്ടിലേക്കുള്ള നിയമാനുസൃത വഴി പോലും ഉറപ്പ് വരുത്താതെയും എൻജിനീയറിങ് വിഭാഗത്തിന്റെയും അസി. സെക്രെട്ടറിയുടേയും കുറിപ്പുകൾ മറികടന്നും സുരക്ഷാ മാനദണ്ഡങ്ങൾ യാതൊന്നും ഉറപ്പുവരുത്താതെയും അനുമതി നൽകിയ സെക്രട്ടറിയുടെ നടപടി ഗുരുതരമായ അധികാര ദുർവിനിയോഗമാണ് എന്നും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ix) എ 2-4461/16 ഫയൽ പരിശോധിച്ചതിൽ നാദാപുരം ഗ്രാമപഞ്ചായത്തിലെ 30 സെന്റ് സ്ഥലത്ത് 272.12 ച. മീ തറവിസ്തീർണത്തിൽ 2 നില വാണിജ്യകെട്ടിടത്തിന് 01.03.2011 ൽ അനുമതി നൽകുകയും, 16.12.2015 ന് അനുമതി പുതുക്കി നൽകുകയും ചെയ്തിട്ടുണ്ടെന്നും ഒന്നാം നില പൂർത്തിയാക്കി 22.07.2016 ന് കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിന് അപേക്ഷിച്ചപ്പോൾ നേരത്തെ പ്ലാനിൽ കാണിക്കാത്ത 1.2 മീറ്റർ വീതി ഉള്ള ഒരു വരാന്ത കൂടി നിർമ്മിച്ചെങ്കിലും സൈറ്റ് പരിശോധിച്ചതിൽ കെട്ടിടത്തിന്റെ മുൻ ഭാഗത്ത് കിഴക്ക് 3.7 മീറ്ററും , പടിഞ്ഞാറ് 5.2 മീറ്ററും സെറ്റ്ബാക്കുള്ളതായും സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ട് ഇല്ലാതെയാണ് ഫയലിൽ ഉത്തരവ് നല്കിയിട്ടുള്ളതെന്നും ഇക്കാര്യം സീനിയർ ക്ലർക്ക്

ശ്രീ.രമേശൻ പി.പി പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടും ആയത് അവഗണിച്ചാണ് സെക്രട്ടറി നമ്പർ അനുവദിക്കുന്നതിന് ഉത്തരവ് നൽകിട്ടിയിട്ടുള്ളതെന്നും ശ്രീ.നിജേഷ്.സി.കെ എന്നവരുടെ ഫോർ ദി പീപ്പിൾ പരാതി പരിഹാര പോർട്ടലിൽ സമർപ്പിച്ച പരാതിയിൽ പരാമർശിക്കപ്പെട്ട 6 ൽ 5 ഫയലിലും സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ടുകളും അസി.സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റെയും കുറിപ്പുകളും അവഗണിച്ച് സെക്രട്ടറി നൽകിയിട്ടുള്ള ഉത്തരവുകൾ ഗുരുതരമായ ചട്ടലംഘനവും അധികാര ദുർവിനിയോഗവും ആണെന്നും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തതിനെ തുടർന്നാണ് കുറ്റാരോപണ മെമ്മോ നൽകി ശ്രീ.മുഹമ്മദ് ഷെഫീക്കിനെതിരെ അച്ചടക്ക നടപടി ആരംഭിച്ചതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

x) ശ്രീ.മുഹമ്മദ് ഷെഫീക്കിന്റെ പഞ്ചായത്ത് വകുപ്പിലെ സേവനകാലയളവിൽ 4 കഠിന ശിക്ഷകളും 5 ലഘുശിക്ഷകളും ഉൾപ്പെടെ 9 തീർപ്പാക്കിയ അച്ചടക്ക നടപടികളും 3 സസ്പെൻഷനുകളും കൂടാതെ അന്വേഷണത്തിലിരിക്കുന്ന ഒരു വിജിലൻസ് കേസും 1960 ലെ കേരള സിവിൽ സർവ്വീസസ്(തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം കഠിന ശിക്ഷക്കുള്ള കുറ്റാരോപണ മെമ്മോ നൽകി ആരംഭിച്ചിട്ടുള്ള 3 അച്ചടക്ക നടപടികളും നിലവിലുള്ളതായി കണ്ടെത്തുകയും ടിയാന്റെ തുടർച്ചയായുള്ള അച്ചടക്ക ലംഘനങ്ങളും ചട്ടലംഘനങ്ങളും അധികാര ദുർവിനിയോഗവും പഞ്ചായത്ത് വകുപ്പിനും വകുപ്പിലെ ജീവനക്കാർക്കും സമൂഹമധ്യത്തിൽ ദുഷ്പേരും, മാനഹാനിയും ഉളവാക്കുന്നതാണെന്ന് വിലയിരുത്തുകയും ഇത്രയേറെ അച്ചടക്ക നടപടികൾ നേരിട്ടിട്ടും നിയമാനുസൃതം ജോലി ചെയ്യുന്നതിന് തയ്യാറാകാതെ പഞ്ചായത്ത് വകുപ്പിന് തന്നെ അപമാനകരമാംവിധം കൂടുതൽ ഗുരുതരമായ ചട്ടലംഘനങ്ങളും ക്രമക്കേടുകളും അധികാര ദുർവിനിയോഗങ്ങളും ആവർത്തിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നാദാപുരം ഗ്രാമപഞ്ചായത്തിലെ ചട്ടലംഘനം, ക്രമക്കേട്, അധികാര ദുർവിനിയോഗം എന്നിവ മുൻനിർത്തി ആരംഭിച്ച അച്ചടക്ക നടപടിയിൽ ശ്രീ.മുഹമ്മദ് ഷെഫീക്ക് കെ.പി.യെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താത്കാലികമായി തീരുമാനിച്ച് ടിയാന് കാരണം കാണിക്കൽ നോട്ടീസ് ഔപചാരിക അന്വേഷണ റിപ്പോർട്ട് സഹിതം നൽകിയിരുന്നു. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.മുഹമ്മദ് ഷെഫീക്ക് കെ.പി സമർപ്പിച്ച വിശദീകരണത്തിന്മേൽ കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച അഭിപ്രായ റിപ്പോർട്ടിൽ ശ്രീ.മുഹമ്മദ് ഷെഫീക്ക് കെ.പി യുടെ വാദങ്ങൾ കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22.10.2018 ലെ ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ന്യായീകരിക്കത്തക്കതല്ലെന്നും നിലനിക്കുന്നതല്ലെന്നും അഭിപ്രായപ്പെട്ടിരുന്നു. തുടർന്ന് ടിയാനെ നേരിൽ കേൾക്കുകയും ശ്രീ.മുഹമ്മദ് ഷെഫീക്ക് എഴുതി തയ്യാറാക്കി സമർപ്പിച്ച മൊഴിയിൽ കാരണം കാണിക്കൽ നോട്ടീസിന് വ്യക്തമായ മറുപടി സമർപ്പിച്ചിട്ടുണ്ടെന്നും, മാനുഷിക പരിഗണനയും സദുദ്ദേശവും ഉദ്ദേശിച്ച് ചെയ്ത പ്രവർത്തനമാണെന്നും, കെട്ടിട നിർമ്മാണം സംബന്ധിച്ച എല്ലാ ഫയലുകളിലും സെക്രട്ടറിയുടെ തീരുമാനം അന്തിമമാണെന്നും കീഴ്‌ദ്യോഗസ്ഥർക്കും ഭരണ സമിതിയിലെ ചിലർക്കും താൻ സെക്രട്ടറിയായി തുടരുന്നത് ഇഷ്ടമുള്ള കാര്യമല്ലെന്നും, എ 2-4461/16 നമ്പർ ഫയൽ സാങ്കേതിക വിഭാഗത്തിൽ അന്വേഷണത്തിന് നൽകി ഒരു മാസമായിട്ടും അന്വേഷണ റിപ്പോർട്ട് ലഭിക്കാതെ വന്നപ്പോൾ താൻ നേരിട്ട് പരിശോധന നടത്തി ഒക്കുപെൻസി സർട്ടിഫിക്കറ്റ് നല്കിയതാണെന്നും, തന്റെ കീഴ്‌ദ്യോഗസ്ഥർ ചൂണ്ടിക്കാട്ടുന്ന കാര്യങ്ങൾ മാത്രം ചെയ്യുന്ന ഉദ്യോഗസ്ഥനല്ല സെക്രട്ടറി എന്നിരിക്കെ മാനുഷിക പരിഗണനയും സദുദ്ദേശവും കൊണ്ട് മാത്രമാണ് ഫയലിൽ നടപടി സ്വീകരിച്ചതെന്നും,

മറ്റവല്ല അപാകതകളും ഉണ്ടായിട്ടുണ്ടെങ്കിൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 250 ലെ പരിരക്ഷ കൂടി അനുവദിച്ചുകൊണ്ട് നടപടി സ്വീകരിക്കണമെന്ന വാദം ഉന്നയിച്ചതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നാദാപുരം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ.മുഹമ്മദ് ഷെഫീക്ക്.കെ.പി യുടെ സേവനകാലയളവിൽ ഉടനീളം നിരവധിയായ അച്ചടക്ക നടപടികൾക്കും സസ്പെൻഷനുകൾക്കും വിജിലൻസ് കേസുകൾക്കും വിധേയനായിട്ടും നിയമാനുസൃതവും ചട്ടപ്രകാരവും ജോലി ചെയ്യുന്നതിന് തയ്യാറാകാതെ കൂടുതൽ ഗുരുതരമായ ചട്ടലംഘനങ്ങളും, ക്രമക്കേടുകളും അധികാര ദുർവിനിയോഗവും ക്രമക്കേടുകളും തുടർന്നുകൊണ്ടിരുന്നതിനാലും കുറ്റാരോപണ മെമ്മോയിൽ ആരോപിച്ചിരുന്ന കുറ്റങ്ങൾ അസന്നിഗ്ധമായി തെളിയിക്കപ്പെട്ടതിനാലും ശ്രീ.മുഹമ്മദ് ഷെഫീക്കിന് നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ നിശ്ചയിക്കുന്ന " ടിയാനെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നുവെന്ന "താത്കാലിക ശിക്ഷ മാനുഷിക പരിഗണന മാത്രം നൽകി ഇളവ് ചെയ്തുകൊണ്ട് ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി' ടിയാന് ഉത്തരവ് തീയതി പ്രാബല്യത്തിൽ നിർബന്ധിത വിരമിക്കൽ നൽകി" അവസാനിപ്പിച്ചുകൊണ്ട് ഉത്തരവാകുകയുമാണുണ്ടായിട്ടുള്ളത് എന്ന പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് അച്ചടക്കധികാരി എന്ന നിലയിൽ നിലനിൽക്കുന്നതായി കാണുന്നു.

xi) ബഹു.സുപ്രീം കോടതിയുടെ 02.08.2018 ലെ ലെ സിവിൽ അപ്പീൽ നം 5203/ 2016 ,5204 -5205/16 , 6055/16, 6056/16, 6057/16, 6059/16, 8460/16 എന്നിവയിലെ അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിൽ തയ്യാറാക്കിയ സീനിയോറിറ്റി പട്ടിക അടിസ്ഥാനമാക്കിയാണ് വകുപ്പിലെ മുഴുവൻ തസ്തികകളിലെയും സ്ഥാനക്കയറ്റങ്ങൾ ഉത്തരവാകുന്നത്. പ്രസ്തുത സീനിയോറിറ്റി പട്ടികയുടെ കരട് തയ്യാറാക്കിയ അവസരത്തിൽ ശ്രീ.മുഹമ്മദ് ഷെഫീക്കിന്റെ ആക്ഷേപങ്ങളും പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതും ടിയാനെ നേരിൽ കേട്ടിട്ടുള്ളതുമാണ്. ഇപ്രകാരം നടപടിക്രമങ്ങൾ പാലിച്ച് അന്തിമമാക്കിയ സീനിയോറിറ്റി പട്ടികയിൽ അപ്പീൽ ഹർജിക്കാരൻ ചൂണ്ടിക്കാട്ടിയ ശ്രീമതി . മീനാകുമാരി അമ്മ ഹർജിക്കാരനെക്കാൾ സീനിയർ ആയ വ്യക്തിയാണ്. ആയതിനാൽ ടിയാന്റെ ആക്ഷേപം കഴമ്പില്ലാത്തതും അടിസ്ഥാനരഹിതവുമാണ്.

xii) 1960 KCS (CC&A) ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് ഔപചാരിക അന്വേഷണം ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയ ശേഷമാണ് പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

xiii) കേരള സിവിൽ സർവ്വീസസ് ( തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ 15 (12)(1) ( എ)(ബി) അനുശാസിക്കുന്ന പ്രകാരം അന്വേഷണ വിചാരണാധികാരിയുടെ റിപ്പോർട്ടിന്റെ ഒരു പകർപ്പും ടിയാനെതിരെ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് 3.01.2019 ലെ ഡി - 6863/2017 നമ്പർ കാരണം കാണിക്കൽ നോട്ടീസും ശ്രീ.മുഹമ്മദ് ഷെഫീക്കിന് നൽകിയിട്ടുണ്ട്.

ആയതിനാൽ ടിയാന്റെ ആരോപണം തികച്ചും അടിസ്ഥാനരഹിതമാണ്.

xiv) കേരള ഗ്രാമപഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1994 ൽ ഉൾപ്പെട്ട പഞ്ചായത്ത് സെക്രട്ടറി തസ്തികയുടെ നിയമനാധികാരിയും ശിക്ഷണാധികാരിയും പഞ്ചായത്ത് ഡയറക്ടർ ആണ്. കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ നടപടിക്രമങ്ങൾ പാലിച്ചാണ് ശ്രീ.മുഹമ്മദ് ഷെഫീക്കിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയത്.

xv) ശ്രീ.കെ.പി.മുഹമ്മദ് ഷെഫീക്ക് പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിനെ ചോദ്യം ചെയ്തിരിക്കുന്നത് നിയതമായ അധികാരസ്ഥാനമല്ല അച്ചടക്ക നടപടി കൈക്കൊണ്ടത് എന്നതാണ്. മറിച്ച് തനിക്കെതിരായ ആരോപണങ്ങൾ വാസ്തവ വിരുദ്ധമാണെന്നല്ല.

xvi) ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്റെ നിയമാണാധികാരിയും ശിക്ഷണാധികാരിയും പഞ്ചായത്ത് ഡയറക്ടർ ആണ്. *എന്നാൽ 26.11.2014-ലെ സ.ഉ(കൈ) 210/2014/ തസ്വഭവ ഉത്തരവിൽ , 16.06.1994, ലെ സ.ഉ(പി) 151/94/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരമുള്ള കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിൽ ഗ്രൂപ്പ് 1 ലെ കാറ്റഗറി -1 ആയി ഉൾപ്പെട്ട സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി, ഗ്രൂപ്പ് 1 ലെ കാറ്റഗറി -3 ആയി ഉൾപ്പെട്ട സെക്രട്ടറി ( ഗ്രാമപഞ്ചായത്ത്) എന്നീ തസ്തികകൾ ടി വിശേഷാൽ ചട്ടങ്ങളിൽ നിന്ന് 26.02.2011 പ്രാബല്യത്തിൽ ഒഴിവാക്കിക്കൊണ്ടും മേൽ പരാമർശിച്ച തസ്തികകൾ ഒന്നാക്കി " ഗ്രാമപഞ്ചായത്ത് സെക്രട്ടറി " തസ്തിക കേരള പഞ്ചായത്ത് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിൽ ഉൾപെടുത്തിക്കൊണ്ടും ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള യോഗ്യതയും നിയമനവും സംബന്ധിച്ച് മേൽ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി, നടപടി ക്രമങ്ങൾ പാലിച്ച് പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ് എന്ന് ഉത്തരവായിരുന്നു. എന്നാൽ അപ്രകാരമുള്ള ഒരു ഭേദഗതി പിന്നീട് കൈക്കൊണ്ടതായി കാണുന്നില്ല.*

*xvii) എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം പഞ്ചായത്ത് സെക്രട്ടറി തസ്തിക കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവീസ് റൂൾ 1 9 9 4 ൽ നിന്നും ഒഴിവാക്കപ്പെട്ടെങ്കിലും ചട്ടപ്രകാരം നിയമനാധികാരിയെ നിർണ്ണയിക്കാത്ത സാഹചര്യത്തി ൽ ആണ് പഞ്ചായത്ത് സെക്രട്ടറിയുടെ നിയമനാധികാരിയും അച്ചടക്കാധികാരിയും ആയി പഞ്ചായത്ത് ഡയറക്ടർ തുടരുന്നത്. 26.11.2014- ലെ സ.ഉ(കൈ) 210/2014/ ത.സ്വ.ഭ.വ ഉത്തരവിൽ, 16.06.1994, ലെ സ.ഉ(പി) 151/94/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരമുള്ള കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിൽ ഗ്രൂപ്പ് 1 ലെ കാറ്റഗറി - 1 ആയി ഉൾപ്പെട്ട സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി, ഗ്രൂപ്പ് 1 ലെ കാറ്റഗറി - 3 ആയി ഉൾപ്പെട്ട സെക്രട്ടറി ( ഗ്രാമപഞ്ചായത്ത്) എന്നീ തസ്തികകൾ ടി വിശേഷാൽ ചട്ടങ്ങളിൽ നിന്ന്*

*26.02.2011 പ്രാബല്യത്തിൽ ഒഴിവാക്കിക്കൊണ്ടും മേൽ പരാമർശിച്ച തസ്തികകൾ ഒന്നാക്കി" ഗ്രാമപഞ്ചായത്ത് സെക്രട്ടറി" തസ്തിക കേരള പഞ്ചായത്ത് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിൽ ഉൾപെടുത്തിക്കൊണ്ടും ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള യോഗ്യതയും നിയമനവും സംബന്ധിച്ച് മേൽ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി, നടപടി ക്രമങ്ങൾ പാലിച്ച് പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ് എന്ന് ഉത്തരവായിരുന്നു. എന്നാൽ അപ്രകാരമുള്ള ഒരു ഭേദഗതി പിന്നീട് കൈക്കൊണ്ടതായി കാണുന്നില്ല. അപ്രകാരമുള്ള ഭേദഗതി നിലവിൽ വന്നിട്ടില്ലാത്തതിനാൽ നിലവിലുള്ള ചട്ടങ്ങളാണ് ഇവിടെ ബാധകമായിട്ടുള്ളത്. അതായത്* **നിലവിൽ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1994 ൽ ഉൾപ്പെടുന്ന തസ്തികയാണ് പഞ്ചായത്ത് സെക്രട്ടറി. ടി തസ്തികയുടെ നിയമനാധികാരിയും ശിക്ഷണാധികാരിയും പഞ്ചായത്ത് ഡയറക്ടർ ആണ്. ആയതിനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീ.മുഹമ്മദ് ഷെഫീക്കിനെതിരെ പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി തീർപ്പ് കൽപ്പിച്ച് പുറപ്പെടുവിച്ച ഉത്തരവ് നിലനിൽക്കത്തക്കതാണ്. 1960-ലെ KCS(CC&A) റൂൾ 13(2)(b) പ്രകാരം നിർബന്ധിത വിരമിക്കൽ അച്ചടക്കധികാരിക്ക് ചുമത്താവുന്നതാണ്.**

ശ്രീ.മുഹമ്മദ് ഷെഫീക്കിനെതിരെ കഠിനശിക്ഷ നൽകുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് അധികാരമില്ല എന്നതായിരുന്നു ടിയാന്റെ പ്രധാന വാദം. കൂടാതെ തനിക്കെതിരായ ആരോപണങ്ങൾ വാസ്തവ വിരുദ്ധമാണെന്ന് തെളിയിക്കാൻ ടിയാന് സാധിച്ചിരുന്നുമില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീ.മുഹമ്മദ് ഷെഫീക്കിനെതിരെ പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി തീർപ്പ് കൽപ്പിച്ച് പുറപ്പെടുവിച്ച ഉത്തരവ് നിലനിൽക്കുന്നതും 1960-ലെ KCS(CC&A) റൂൾ 13(2)(b) പ്രകാരം നിർബന്ധിത വിരമിക്കൽ അച്ചടക്കധികാരിയായ പഞ്ചായത്ത് ഡയറക്ടർക്ക് ചുമത്താവുന്നതാണ്. മേൽ വസ്തുതകളുടെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ അപ്പീൽ അപേക്ഷകന്റെ വാദങ്ങളൊന്നും നിലനിൽക്കുന്നതല്ലയെന്നതിനാൽ ശ്രീ.മുഹമ്മദ് ഷെഫീക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

പകർപ്പ്

1. ശ്രീ.മുഹമ്മദ് ഷെഫീക്ക് കെ.പി മുൻ സെക്രട്ടറി, നാദാപുരം ഗ്രാമ പഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

4. പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർ, കണ്ണൂർ

5.അഡ്വക്കേറ്റ് ജനറൽ ഓഫീസ് ( ആമുഖ കത്ത് സഹിതം )

6. പ്രസിഡന്റ്/സെക്രട്ടറി, നാദാപുരം ഗ്രാമപഞ്ചായത്ത്, കണ്ണൂർ

7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/358/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by Sudheer S S
Date: 06-07-2021 15:28:03
Reason: Approved

സെക്ഷൻ ഓഫീസർ